**പതിനാലാം കേരള നിയമസഭ**

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2472 05.11.2019-ലെ മറുപടിയ്ക്ക്

**ഖേലോ-ഇന്ത്യ പദ്ധതിയിൽ കോതമംഗലം എം.എ. കോളേജിൽ കളിസ്ഥലം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ആന്റണി ജോൺ** | | **ശ്രീ.ഇ.പി.ജയരാജൻ**<br>ബഹു.വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | കായികരംഗത്ത് നിരവധി ദേശീയ, അന്തർദേശീയ, ഒളിമ്പിക് താരങ്ങളെ സൃഷ്ടിച്ചിട്ടുള്ള കോതമംഗലം എം.എ. കോളേജിൽ ഖേലോ-ഇന്ത്യ പദ്ധതിയിൽ ഉൾപ്പെടുത്തി കളിസ്ഥലങ്ങൾ നിർമ്മിക്കുന്നതിനുള്ള അപേക്ഷയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ; | (എ) & (ബി) | സർക്കാരിൽ നിന്നും ആവശ്യപ്പെട്ടതിൻ പ്രകാരമുള്ള പുതുക്കിയ ഡി.പി.ആർ കോതമംഗലം എം.എ കോളേജിൽ നിന്ന് ലഭിച്ചിട്ടുണ്ട്. പ്രസ്തുത ഡി.പി.ആർ ഖേലോ ഇന്ത്യാ പദ്ധതികളുടെ കൺസൾട്ടന്റ് ആയ ഗ്രാന്റ് തോർട്ടൺ പരിശോധിച്ച് വരികയാണ്. |
| (ബി) | ഇതുമായി ബന്ധപ്പെട്ട ഫയലിൽ ആവശ്യമായ തിരുത്തലുകൾ വരുത്തി സമർപ്പിക്കുന്നതിന് കായിക വകുപ്പ് ആവശ്യപ്പെട്ടതനുസരിച്ചുള്ള പുതുക്കിയ പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | | |
| (സി) | ഈ പദ്ധതിയുമായി ബന്ധപ്പെട്ട എം.ഒ.യു. വിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കുമോ; | (സി) | ഖേലോ ഇന്ത്യ പദ്ധതിയിലുൾപ്പെടുത്തുന്ന ആസ്ഥി വികസന പദ്ധതികൾക്ക് നിലവിലുള്ള വ്യവസ്ഥ പ്രകാരം പദ്ധതി സർക്കാരിതര ഭൂമിയിലാണ് വിഭാവനം ചെയ്യുന്നതെങ്കിൽ സ്ഥലമുടമയും സംസ്ഥാന സർക്കാരുമായി കരാറിലേർപ്പെടണമെന്നും പൊതു ജനങ്ങൾക്ക കൂടി ഉപയോഗ യോഗ്യമാക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഇത് പ്രകാരം സംസ്ഥാന സർക്കാരുമായി ധാരണാ പത്രത്തിലേർപ്പെടുന്നതിനുള്ള കരട് ധാരണാ പത്രം പ്രസ്തുത സ്ഥാപനത്തിന് അയച്ചു നൽകിയിരുന്നെങ്കിലും കരാറിൽ ഏർപ്പെടാനാകില്ല |

| | | | |
|---|---|---|---|
| | | | എന്ന മറുപടിയാണ് കോളേജിൽ നിന്ന് ലഭിച്ചിട്ടുള്ളത്. സംസ്ഥാന സർക്കാരുമായി ധാരണാപത്രത്തിലേർപ്പെട്ടാൽ മാത്രമേ ഖേലോ ഇന്ത്യാ പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭ്യമാക്കാൻ സാധിക്കുകയുള്ളു. |
| (ഡി) | ടി കോളേജിലെ കുട്ടികൾക്ക് പുറമേ സമീപത്തെ സ്കൂളുകളിലെ കുട്ടികൾക്കും മികച്ച പരിശീലനം ലഭ്യമാകുന്ന തരത്തിൽ ഇവിടെ ഖേലോ- ഇന്ത്യ പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ;എങ്കിൽ വിശദമാക്കുമോ? | (ഡി) | ഖേലോ ഇന്ത്യ മുഖേന നടപ്പാക്കുന്ന സൗകര്യങ്ങൾ എം.എ. കോളേജിലെ വിദ്യാർത്ഥികൾക്കു പുറമെ മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾക്കും, പൊതുജനങ്ങൾക്കും ഉപയോഗപ്രദമാക്കണമെന്നുള്ള നിബന്ധന എം.ഒ.യു-വിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**